മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 8

# വാർത്താക്കുറിപ്പ്

---

## ഖത്തറിൽ കാമ്പസ് തുടങ്ങാൻ എം.ജി. സിൻഡിക്കേറ്റ് തീരുമാനം

മലയാളികളായെ പ്രവാസികൾ ഏറെയുള്ള ഖത്തറിൽ ഒരു യൂണിവേഴ്സിറ്റിയുടെ കാമ്പസ് തുടങ്ങാൻ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. ഇത് സംബന്ധിച്ച നടപടികൾ ഏകോപിപ്പിക്കുന്നതിന് പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാറിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക സമിതി രൂപീകരിക്കും. പ്രവാസികളുടെയും ഖത്തർ ഭരണകൂടത്തിന്റെയും അഭ്യർത്ഥന മാനിച്ച് യു.ജി.സി. യുടെയും സംസ്ഥാന സർക്കാരിന്റെയും അനുമതിയോടെയാണ് സർവ്വകലാശാല ഇതിനാവശ്യമായ നടപടികൾ സ്വീകരിത്തിച്ചുള്ളത്. സംസ്ഥാന സർവ്വകലാശാലകളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയെ കൂടാതെ പൂണെ സർവ്വകലാശാലയെ മാത്രമാണ് അവിടെ കാമ്പസ് തുടങ്ങുന്നതിന് ഖത്തർ ഭരണകൂടം പരിഗണിച്ചിട്ടുള്ളത്.

പരീക്ഷ സമ്പ്രദായം കൂടുതൽ സുതാര്യമാക്കുന്നതിനും അതിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പരീക്ഷാ ഫലം പ്രിസിദ്ധീകരിക്കുന്നതിനോടനുബന്ധിച്ച് ബന്ധപ്പെട്ട പരീക്ഷാ ചോദ്യപേപ്പറുകളുടെ ഉത്തര സൂചിക സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും യോഗം തീരുമാനിച്ചു.
ഉത്തരക്കടലാസ്സിന്റെ ഇ-കോപ്പികൾ വിദ്യാർത്ഥികൾക്ക് 250 രൂപ ഫീസ് ഈടാക്കിക്കൊണ്ട് ലഭ്യമാക്കുന്നതിന് തീരുമാനിച്ചു. ഇത് വഴി വിദ്യർത്ഥികൾക്ക് ഉത്തരസൂചിക താരതമ്യം ചെയ്ത് പുനർമൂല്യനിർണയത്തിന് അപേക്ഷിക്കുന്നതിനുള്ള തീരുമാനം യുക്തിസഹചമായി എടുക്കുവാൻ സീധിക്കും. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷ ഫലപ്രഖ്യാപനത്തിന് ശേഷം 30 ദിവസത്തിനുള്ളിൽ സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ഗവേഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഗവേഷണവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളുടെ എണ്ണം ഈ വർഷം 150 ൽ നിന്ന് 200 ആക്കി വർദ്ധിപ്പിക്കുന്നതിനും യോഗം തീരുമാനിച്ചു.

സർവ്വകലാശാല പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കിന്നതിനും സാഹായകമാകും വിധം സമഗ്രമായ ഒരു എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സോഫ്റ്റ്വെയർ സംവിധാന രൂപകല്പന ചെയ്യുന്നതിനും സിൻഡിക്കേറ്റ് തീരുമാനമായി. ഐ.ടി. മേഖലയിൽ നിന്നുള്ള വിദഗ്ധരുടെ സേവനം ഇതിനായി ലഭ്യമാക്കും.

അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിൽ നിലവിലുള്ള എല്ലാ ഒഴിവുകളും നിയമന നടപടികൾക്കായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാനും യോഗം തീരുമാനിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു.

## അണ്ണാമലൈ സർവ്വകലാശാല വിദൂര വിദ്യാഭ്യാസ ബിരുദങ്ങളുടെ അംഗീകാരം പരിമിതപ്പെടുത്തി എം.ജി.

അണ്ണാമലൈ സർവ്വകലാശാലയുടെ വിദൂരവിദ്യാഭ്യാസ പദ്ധതിക്ക് 2015 വർഷം മുതൽ യു.ജി.സി. അംഗീകാരം നഷ്ടപ്പെട്ട സാഹചര്യത്തിൽ അവിടെ നിന്നുള്ള വിവിധ ബിരുദങ്ങൾക്ക് എലിജിബിലിറ്റി/ ഇക്വലൻസി (തുല്യത/യോഗ്യത) സർട്ടിഫിക്കറ്റുകൾ നൽകുന്നത് 2014 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികൾക്കായി പരിമിതപ്പെടുത്താൻ മഹാത്മാഗാന്ധി സർവ്വകലാശാല തീരുമാനിച്ചു. അണ്ണാമലൈ സർവ്വകലാശാല വിദൂരവിദ്യഭ്യാസ പദ്ധതിയിൽ വിവിധ കോഴ്സുകൾക്കായി 2015 മുതൽ പ്രവേശനം നേടിയവർ നിലവിൽ നൽകിയിട്ടുള്ള തുല്യത/യോഗ്യത സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ നിരസിക്കാനാണ് തീരുമാനം. കൂടാതെ, 2015 ന് ശേഷമുള്ള പുതിയ അപേക്ഷകൾ ഇനി സ്വീകരിക്കുകയുമില്ല.

മഹാത്മാഗാന്ധി സർവ്വകലാശാല ഇതിനകം നൽകിയിട്ടുള്ള തുല്യത / യോഗ്യത സർട്ടിഫിക്കറ്റുകളുടെ സാധുത യു.ജി.സി. ഇതു സംബന്ധിച്ച് പുതുതായി എടുത്തിട്ടുള്ള തീരുമാനത്തിന് വിധേയമായിരിക്കുമെന്നും എം.ജി. സർവ്വകലാശാല അറിയിച്ചു.

അണ്ണാമലൈ സർവ്വകലാശാലയുടെ അംഗീകാരമില്ലാത്ത കോഴ്സുകൾ പാസായതിന്റെ അടിസ്ഥാനത്തിൽ 2022 അധ്യയന വർഷം മുതൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലോ, അഫിലിയേറ്റഡ്, ഓട്ടോണമസ് കോളേജുകളിലോ പ്രവേശനം അനുവദിക്കുന്നതുമല്ല.
വിദൂര വിദ്യഭ്യാസ പദ്ധതിക്ക് കീഴിൽ അണ്ണാമലൈ സർവ്വകലാശാലയിൽ നിന്ന് 2015 അധ്യയനവർഷമോ അതിന് ശേഷമോ വിവിധ കോഴ്സുകളിൽ പ്രവേശനം നേടിയവരുടെ കോഴ്സുകളുടെ അംഗീകാരത്തിനായുള്ള അപേക്ഷകളും ഇനി മുതൽ സ്വീകരിക്കില്ല.

അണ്ണാമലൈ സർവ്വകലാശാലയുടെ വിദൂരവിദ്യാഭ്യാസ പദ്ധതി പ്രകാരം 2015 അധ്യയന വർഷമോ അതിന് ശേഷമോ പ്രവേശനം നേടി ബിരുദ-ബിരുദാനന്തര ബിരുദം കരസ്ഥമാക്കുകയും നിലവിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബിരുദാനന്തര-ബിരുദ / എം.ഫിൽ / പി.എച്ച്.ഡി. .പ്രോഗ്രാമുകൾക്ക് പ്രവേശനം നേടി പഠനം തുടരുന്നവരുടെ കാര്യത്തിൽ ഇതിനകം അവർ ഹാജരാക്കിയിട്ടുള്ള യോഗ്യത / തുല്യത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ക്രമപ്പെടുത്താനും മഹാത്മാഗാന്ധി സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്.

(പി.ആർ.ഒ./39/433/2022)

## പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.എസ്.സി. : അപേക്ഷ ഏപ്രിൽ 25 വരെ

മഹാത്മാഗാന്ധി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ് (ഐ.ഐ.ആർ.ബി.എസ്.) നടത്തുന്ന പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.എസ് സി. പ്രോഗ്രാമുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. അവസാന തീയതി ഏപ്രിൽ 25.
ഫിസിക്സ്, കെമിസ്ട്രി, ലൈഫ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, എൻവയോൺമെന്റൽ സയൻസ് എന്നീ വിഷയങ്ങളിലാണ് ഇന്റഗ്രേറ്റഡ് എം.എസ് സി. പ്രോഗ്രാമുകൾ നടത്തുന്നത്. അറുപത് ശതമാനം മാർക്കോടെ പ്ലസ്ടു സയൻസ് വിഷയങ്ങളിൽ വിജയിച്ചവർക്ക് അപേക്ഷിക്കാം. ബി.എസ്.സി. , എം.എസ്.സി. യോഗ്യതകൾ ഈ അഞ്ച് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് കരസ്ഥമാക്കാൻ കഴിയും. കരിക്കുലത്തിന്റെ ഭാഗമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ധരാണ് ക്ലാസ്സുകൾ കൈകാര്യ ചെയ്യുക. പഠനത്തിൻ്റെ ഭാഗമായി ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളിൽ പ്രോജക്ട് / ഇന്റേൺഷിപ്പിനുള്ള അവസരവും ലഭ്യമാണ്. ഓരോ ഇൻ്റഗ്രേറ്റഡ് എം.എസ്.സി. പ്രോഗ്രാമിലേക്കും 4 വീതം വിദ്യർത്ഥികൾക്കായിരിക്കും പ്രവേശനം.
എം.ജി. സർവ്വകലാശാല ദേശീയ തലത്തിൽ നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെയും വ്യക്തിഗത അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങളുണ്ട്. www.cat.mgu.ac.in എന്ന

വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് iirbs@mgu.a.in. ഫോൺ : 0481 2732992

(പി.ആർ.ഒ./39/434/2022)

## വൈവാ വോസി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ രണ്ടാം സെമസ്റ്റർ എം.ഫിൽ (സി.എസ്.എസ്. - 2019-20 ബാച്ച്) പരീക്ഷയുടെ വൈവാ വോസി പരീക്ഷ ഏപ്രിൽ 11, 19 തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൻറെ വെബ്സൈറ്റിൽ ലഭിക്കും. വിദ്യാർത്ഥികളും ബന്ധപ്പെട്ട അധ്യാപകരും നിശ്ചിത സമയത്ത് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഹജരാകണം.

(പി.ആർ.ഒ./39/435/2022)

നാലാം സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി - പ്രൈവറ്റ് രജിസ്ട്രേഷൻ (2019 അഡ്മിഷൻ - റെഗുലർ) ജനുവരി 2022 പരീക്ഷയുടെ വൈവ വോസി പരീക്ഷ ഏപ്രിൽ 20 ന് എറണാകുളം മഹാരാജാസ് കോളേജിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/436/2022)

മൂന്ന്, നാല് സെമസ്റ്റർ എം.കോം. - പ്രൈവറ്റ് രജിസ്ട്രേഷൻ (2019 അഡ്മിഷൻ - റെഗുലർ) ജനുവരി / ഫെബ്രുവരി 2022 പരീക്ഷയുടെ വൈവ വോസി പരീക്ഷ ഏപ്രിൽ 18 മുതൽ സർവ്വകലാശാലയുടെ കീഴിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/437/2022)

## പരീക്ഷാ ഫലം

2021 ഡിസംബറിൽ നടന്ന ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (2018 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ഏപ്രിൽ 23 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/438/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ